പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡം

74(815)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന വിവിധ കാറ്റഗറിയിലുളള പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റത്തിന് സർക്കാർ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഒരു സ്റ്റേഷനിൽ മൂന്നുവർഷം തുടർച്ചയായി ജോലി നോക്കുന്ന പ്രസ്തുത ഉദ്യോഗസ്ഥന്മാരെ മാറ്റി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരള പോലീസ് മാനുവലിൽ, പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലമാറ്റം സംബന്ധിച്ച് വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

(ബി) കേരള പോലീസ് മാനുവൽ വാല്യം 1, അദ്ധ്യായം 5-ൽ അവ പ്രതിപാദിച്ചിട്ടുണ്ട്. †

(സി) ഒരു സ്റ്റേഷനിൽ മൂന്നു വർഷം തുടർച്ചയായി ജോലി നോക്കുന്ന ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റം നൽകി വരുന്നുണ്ട്. പൊതു താല്പര്യം മുൻനിർത്തി ചില ഉദ്യോഗസ്ഥന്മാരെ മൂന്നിൽ കൂടുതൽ വർഷം കഴിഞ്ഞാലും അതേ സ്റ്റേഷനിൽ തന്നെ തുടരുവാൻ അനുവദിക്കാറുണ്ട്.

പോലീസ് സേനയുടെ അച്ചടക്കം

75 (816)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ അച്ചടക്കം ഈയിടെയായി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉയർന്ന ഉദ്യോഗസ്ഥൻമാർ നൽകുന്ന ഉത്തരവുകൾ അനുസരിക്കാത്ത കീഴുദ്യോഗസ്ഥൻമാരുടെ മേൽ എന്ത് നടപടികളാണ് സ്വീകരിക്കാറുളളത്;

(സി) 2000 ഫെബ്രുവരി 7-ന് കൊല്ലം ഡി.സി.സി ഓഫീസിൽ കയറരുതെന്ന് എസ്.പി. നിർദ്ദേശം നൽകിയിട്ടും പോലീസ് അവിടെ കയറി നേതാക്കൻമാരെയും മറ്റുളളവരെയും മർദ്ദിക്കുകയുണ്ടായോ; എങ്കിൽ സംഭവസ്ഥലത്തുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ മേൽ ക്രിമിനൽ കേസ് എടുത്തിട്ടുണ്ടോ;

(ഡി) ഇതേ വരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; പോലീസ് ഉദ്യോഗസ്ഥന്മാരുടെ മേൽ എന്ത് നടപടിയെടുത്തുവെന്ന് വ്യക്തമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly